**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4178** | **28-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നികുതിയുടെ ഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന തൊഴിൽ നികുതിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്ഥാപനങ്ങൾ തൊഴിൽ നികുതി ഈടാക്കി വരുന്നത്. 2024 രണ്ടാം അർദ്ധ വർഷം മുതൽ ഈടാക്കുന്ന തൊഴിൽ നികുതി സ്ലാബ് ചുവടെ ചേർക്കുന്നു. |
| (ബി) | ഇപ്പോൾ നടപ്പിലാക്കി വരുന്ന നികുതി ഘടന എന്നാണ് നടപ്പാക്കിയത്; | (ബി) | ഗ്രാമപഞ്ചായത്തുകളിൽ 01/04/1997 മുതൽ പ്രാബല്യത്തിൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും നഗരസഭകളിൽ 15/05/2006 മുതൽ പ്രാബല്യത്തിൽ 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും നിലവിൽ വന്ന തൊഴിൽ നികുതി ഘടന 2024 ഒന്നാം അർദ്ധ വർഷം വരെ നിലവിലുണ്ടായിരുന്നു. 2024 രണ്ടാം അർദ്ധ വർഷം മുതൽ 27.06.2024-ൽ സ.ഉ (സാധാ) നം. |

| അർദ്ധവാർഷിക വരുമാനം (രൂപ) | പരമാവധി അർദ്ധ വാർഷിക നികുതി (രൂപ) |
|---|---|
| 12,000 മുതൽ 17,999 വരെ | 320 |
| 18,000 മുതൽ 29,999 വരെ | 450 |
| 30,000 മുതൽ 44,999 വരെ | 600 |
| 45,000 മുതൽ 99,999 വരെ | 750 |
| 1,00,000 മുതൽ 1,24,999 വരെ | 1000 |
| 1,25,000 മുതൽ | 1250 |

| | | | |
|---|---|---|---|
| | | | 1149/2024/തസ്വഭ ഉത്തരവ് പ്രകാരം പരിഷ്കരിച്ച തൊഴിൽ നികുതി ഘടന നിലവിൽ വന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത നികുതി ഘടന പരിഷ്കരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ഇന്ത്യൻ ഭരണ ഘടനയുടെ ആർട്ടിക്കിൾ 276 പ്രകാരമാണ് തൊഴിൽ നികുതി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ആർട്ടിക്കിൾ 276(2)-ൽ പരമാവധി ചുമത്താവുന്ന തൊഴിൽ നികുതി 2500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പരിധി കാലാനുസൃതമായി പരിഷ്കരിക്കണമെങ്കിൽ ഭരണ ഘടനാ ഭേദഗതി ആവശ്യമാണ്. ടി ഭേദഗതി ശിപാർശ ചെയ്തുകൊണ്ട് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കത്ത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിൽ തൊഴിൽ നികുതി പരിഷ്കരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന് സമർപ്പിച്ചിരുന്നു. സർക്കാർ ആയത് അംഗീകരിച്ച്, ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തത് പ്രകാരം തൊഴിൽ നികുതി പരിഷ്കരിച്ചുകൊണ്ട് 27.06.2024-ൽ സ. ഉ (സാധാ) നം. 1149/2024/ തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് 2024 രണ്ടാം അർദ്ധ വർഷം മുതലാണ് പ്രാബല്യം. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1149/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

പരാമർശം:- 25.06.2022-ലെ സ. ഉ (കൈ) നം. 110/2022/ധന ഉത്തരവ്.

**ഉത്തരവ്**

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ രണ്ടാമത് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിക്കുന്നതിനായി സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഈ ശിപാർശ അംഗീകരിച്ച് പരാമർശം (1)-ലെ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിലെ നിരക്കിൽ ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരിഷ്കരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No | Range of Half Yearly Income | Current Rate (in Rupees) | New Rate (In Rupees) |
|---|---|---|---|
| 1 | Up to Rs.11,999 | Nil | Nil |
| 2 | Rs.12,000 to Rs.17,999 | 120 | 320 |
| 3 | Rs.18,000 to Rs. 29,999 | 180 | 450 |
| 4 | Rs.30,000 to Rs. 44,999 | 300 | 600 |
| 5 | Rs.45,000 to Rs. 99,999 | 450/600/750 | 750 |
| 6 | Rs. 1,00,000 to Rs. 1,24,999 | 1000 | 1000 |
| 7 | Rs.1,25,000 onwards | 1250 | 1250 |

3. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം എന്നിവയിൽ പുതുക്കിയ

നിരക്ക് ഉൾക്കൊള്ളിച്ചുകൊണ്ട് ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. എല്ലാ വകുപ്പ മേധാവികൾക്കും
6. എല്ലാ ജില്ലാ മേധാവികൾക്കും
7. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
8. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
9. ചീഫ് പ്രോജക്ട് മാനേജർ, SPARK, തിരുവനന്തപുരം.
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
12. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
13. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
14. ധനകാര്യ (എസ്. എഫ്.സി സെൽ-എ) വകുപ്പ്
15. തൊഴിൽ വകുപ്പ്
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
17. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) (പ്രസിദ്ധീകരണത്തിനു വേണ്ടി)
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/13/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ